LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഇൻഫെർട്ടിലിറ്റി ക്ലിനിക്ക് ഉണ്ട്. ഇത് 2005 ജൂലൈ മുതൽ പ്രവർത്തിച്ചുവരുന്നു. കൊല്ലം ജില്ലയിൽ ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിൽ വന്ധ്യതാ ക്ലിനിക് പ്രവർത്തിക്കുന്നുണ്ട്. 2014 മേയ് മാസം മുതലാണ് പ്രസ്തുത ക്ലിനിക് പ്രവർത്തിച്ചുവരുന്നത്. ഇടുക്കി ജില്ലയിലെ ജില്ലാ താലൂക്ക് ആശുപത്രികളിൽ ഐനക്കോളജി ഒ.പി.യുടെ ഭാഗമായി വന്ധ്യതാ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. തൃശ്ശൂർ ജനറൽ ആശുപത്രിയിൽ 2009 ഫെബ്രുവരി മുതൽ വന്ധ്യതാ ചികിത്സാ ക്ലിനിക് പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം ജില്ലയിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ക്ലിനിക് തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജാശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന എസ്.എ.ടി. ആശുപത്രിയിൽ വന്ധ്യതാ ക്ലിനിക് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ വന്ധ്യതാ ക്ലിനിക് 1985 മുതൽ പ്രവർത്തിച്ചുവരുന്നു. എ.ആർ.ടി സെന്റർ ജൂലൈ 2012 മുതൽ ആരംഭിച്ചു. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള സ്ത്രീകളുടെയും, കുട്ടികളുടെയും ആശുപത്രികളിൽ വന്ധ്യതാ ക്ലിനിക്കുകൾ വളരെ മുമ്പുതൽതന്നെ പ്രവർത്തിക്കുന്നുണ്ട്.

(ബി) സ്വകാര്യമേഖലയിലും സർക്കാർ മേഖലയിലുമുള്ള വന്ധ്യതാ ക്ലിനിക്കുകളിലെ ചികിത്സാ ചെലവുകളിലെ അന്തരം സർക്കാർ പരിശോധിച്ചിട്ടില്ല.

(സി) എല്ലാ മെഡിക്കൽ കോളേജുകളിലും വന്ധ്യതാ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പുതുതായി തുടങ്ങിയ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഐനക് വിഭാഗം പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് വന്ധ്യതാ ക്ലിനിക്കുകൾ തുടങ്ങുന്നതാണ്. എല്ലാ ജില്ലാ ആശുപത്രികളിലും വന്ധ്യതാ ക്ലിനിക് ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

ഞാറക്കൽ സർക്കാർ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം ചെയ്യുന്നതിനുള്ള സൗകര്യം

5 (670) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോസ്റ്റ്മോർട്ടം ചെയ്യുന്നതിനുള്ള സൗകര്യമുണ്ടായിട്ടും ഞാറക്കൽ സർക്കാർ ആശുപത്രിയിൽ നിന്നും ഇത്തരം സേവനം നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഞാറക്കൽ സർക്കാർ ആശുപത്രിയിൽ 2014-15 കാലയളവിൽ നടത്തിയിട്ടുള്ള പോസ്റ്റ്മോർട്ടം എത്ര എണ്ണമെന്ന് വ്യക്തമാക്കാമോ ;

(സി) 2014-15 കാലയളവിൽ എളങ്കുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം, എടവനക്കാട് പഞ്ചായത്തുകളുടെ പരിധിയിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള അസ്വാഭാവിക, അപകടമരണം എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 21 എണ്ണം (2014-ൽ 18 ഉം 2015 -ൽ ഇതേവരെ 3 ഉം).

(സി) 2014 മുതൽ 31-5-2015 വരെ ടി പഞ്ചായത്തുകളിൽ അസ്വാഭാവിക മരണം - 53, അപകടമരണം - 67 എന്നിവ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയാക്കുന്ന നടപടി

6 (671) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ താലൂക്ക് ആസ്ഥാനങ്ങളിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന നടപടികൾ ഏത് ഘട്ടത്തിലാണ് ;വിശദമാക്കുമോ ;

(ബി) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയാക്കുന്ന നടപടികളിലെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുതിയതായി രൂപീകരിച്ച കാട്ടാക്കട, കൊണ്ടോട്ടി, വെള്ളരിക്കുണ്ട് എന്നീ താലൂക്കിലെ സി.എച്ച്.സി.-കളെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇടുക്കി താലൂക്കിലെ കട്ടപ്പന, മഞ്ചേശ്വരം എന്നീ സി.എച്ച്.സി.-കളെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly